**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2250** **03-03-2025 - ൽ മറുപടിയ്ക്ക്**

**വണ്ടിപ്പെരിയാർ റേഞ്ച് ഓഫീസിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത എത്ര എക്സൈസ് റേഞ്ച് ഓഫീസുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത 62 എക്സൈസ് റേഞ്ച് ഓഫീസുകൾ നിലവിലുണ്ട്. |
| (ബി) | പീരുമേട് മണ്ഡലത്തിലെ വണ്ടിപ്പെരിയാർ എക്സൈസ് റേഞ്ച് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വണ്ടിപ്പെരിയാർ എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി പീരുമേട് താലൂക്കിൽ പെരിയാർ വില്ലേജിൽ സർവ്വേ നമ്പർ 60/1-ൽപ്പെട്ട 40.47 സെന്റ് ഭൂമി ലഭ്യമായിട്ടുണ്ട്. |
| (സി) | പ്രസ്തുത റേഞ്ച് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന് വാടക ഇനത്തിൽ ഇതുവരെ എത്ര രൂപയാണ് നൽകിയിട്ടുള്ളത്; വിശദമാക്കാമോ; | (സി) | പ്രസ്തുത റേഞ്ച് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് ഇതുവരെ വാടക ഒന്നും നൽകിയിട്ടില്ല. |
| (ഡി) | പ്രസ്തുത ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ ഈ വർഷം തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതിക്കായി പ്ലാനും എസ്റ്റിമേറ്റും സർക്കാരിന്റെ പരിഗണനയ്ക്ക് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ